# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.58

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി പ്രവർത്തനങ്ങളിലെ സുതാര്യത

| ചോദ്യം<br>ശ്രീ. എം. സ്വരാജ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. സി. കൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മുൻസർക്കാരിന്റെ കാലത്ത് വികസന പ്രവർത്തനങ്ങൾക്ക് നിശ്ചലാവസ്ഥ ഉണ്ടായിരുന്ന സാഹചര്യത്തിൽ, ബജറ്റിതര മാർഗ്ഗത്തിലൂടെ ധനസമാഹരണം നടത്തി റോഡ്, കുടിവെള്ള വിതരണം വൈദ്യുതി, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സാമൂഹിക അടിസ്ഥാനസൗകര്യ വികസന രംഗത്ത് കുതിപ്പുണ്ടാക്കുന്നതിന് ആരംഭിച്ച കിഫ്ബി വികസനമാതൃകയിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം വിശദീകരിക്കാമോ; | കിഫ്ബി അതിന്റെ എല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. കിഫ്ബിയുടെ എല്ലാ വരവ് ചെലവ് കണക്കുകളും C&AG യുടെ സമഗ്ര ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ അത്തരത്തിലുള്ള ഓഡിറ്റ് നടക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സംബന്ധിക്കുന്ന വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങളും പദ്ധതികളുടെ പുരോഗതിയും അറിയിച്ചുകൊണ്ടുള്ള ന്യൂസ്-ലെറ്റർ ദ്വൈവാരികയായി പുറപ്പെടുവിക്കാറുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ തത്സമയ നില കരാറുകാരന് അറിയുന്നതിനായി ഓൺലൈൻ ബിൽ ട്രാക്കിങ് സംവിധാനവും കിഫ്ബിയിൽ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് പദ്ധതികളെയോ |

| | |
|---|---|
| | പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന പരാതികളോ അഭിപ്രായങ്ങളോ രേഖപ്പെടുത്തുന്നതിനായുള്ള ഓൺലൈൻ സംവിധാനവും കിഫ്ബിയുടെ ഔദ്യോഗിക വെബ് സൈറ്റിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിവരങ്ങളും പൊതുജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കുവാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്ന പക്ഷം അവ ദൂരീകരിക്കുന്നതിനായുള്ള നടപടികൾ ഫലപ്രദമാക്കുവാനും എല്ലാ ഘട്ടത്തിലും ശ്രദ്ധപുലർത്തുന്നുണ്ട്. |
| (ബി) വികസന പദ്ധതികൾ അനുവദിക്കുന്നതിലും നടപ്പാക്കുന്നതിലും മുൻസർക്കാരിന്റെ കാലത്തേതിൽ നിന്ന് വിഭിന്നമായി പക്ഷപാതരഹിതവും സുതാര്യവുമായി നടത്തുന്ന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ ചിലർ ധനസമാഹരണ മാർഗത്തിന്റെ പേരിലും ഓഡിറ്റിന്റെ പേരിലും നടത്തുന്ന അവാസ്തവ പ്രചരണങ്ങളെ തുറന്നുകാട്ടാൻ നടപടിയെടുക്കുമോ; | കിഫ്ബിയെയോ അതിന്റെ പ്രവർത്തങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാം തന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകുവാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഉപാധികൾ ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിനു മുന്നിൽ ഫലപ്രദമായി എത്തിക്കുന്നതിനു സഹായകമായി. |
| (സി) ഏറ്റവും സുതാര്യത ഉറപ്പ് വരുത്തുന്ന സോഷ്യൽ ഓഡിറ്റ് സാധ്യമാകും വിധം ഓരോ പദ്ധതിക്കും അനുവദിച്ചതും ചെലവാക്കിയതുമായ തുകയും പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിവരവും ഉൾപ്പെടെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് കിഫ്ബിയുടെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | കിഫ്ബിയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട്, വാർഷിക പ്രവർത്തന റിപ്പോർട്ട്, ദ്വൈവാരിക ന്യൂസ്-ലെറ്റർ തുടങ്ങി ധനസഹായം നൽകുന്ന പദ്ധതികളുടെ ഏറ്റവും പുതിയ വിവരങ്ങൾ വരെ കിഫ്ബിയുടെ ഔദ്യോഗിക വെബ് സൈറ്റിൽ പൊതുജനങ്ങൾക്കും നിക്ഷേപകർക്കുമായി ലഭ്യമാക്കിയിട്ടുണ്ട്. |

**ജോയിന്റ് സെക്രട്ടറി**